# കേരള സർവകലാശാല

നം.പി.ആർ.218/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ പരീക്ഷ

ബി.എസ്.സി (ആന്വൽ സ്കീം) മേഴ്സി ചാൻസ് സബ്സിഡിയറി വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 10, 11 തീയതികളിൽ രാവിലെ 10 മണി മുതൽ 1 മണി വരെ യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രൊവിഷണൽ റാങ്ക് ലിസ്റ്റ്

എം.ഫിൽ അഡ്മിഷനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് റാങ്ക് ലിസ്റ്റ് പരിശോധിച്ച് പരാതികൾ ഉണ്ടെങ്കിൽ സി.എസ്.എസ് ഓഫീസുമായി ഒക്ടോബർ 6 ന് 5 മണിക്ക് മുമ്പായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0471 – 2308328

### പരീക്ഷാ തീയതി

2018 ഒക്ടോബർ 8 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) (പേപ്പർ I - Law of Arbitration, Concilation and Alternate Dispute Resolution Systems) ഡിഗ്രി പരീക്ഷ ഒക്ടോബർ 10 ലേയ്ക്കും, രണ്ടാം സെമസ്റ്റർ ബി.ബി.എ (വിദൂരവിദ്യാഭ്യാസം സപ്ലിമെന്ററി) ( BBAD 204 - Managerial Economics) ഡിഗ്രി പരീക്ഷ ഒക്ടോബർ 11 ലേയ്ക്കും, മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – FT (including UIM/Regular (Evening) Travel & Tourism) ( Personal Financial Planning/Hospitality Management/Internal Logistics and Materials Handling) ഡിഗ്രി പരീക്ഷ ഒക്ടോബർ 12 ലേയ്ക്കും മാറ്റിവച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഒക്ടോബർ 9 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് (EL 244 - Comprehensive Paper) ഡിഗ്രി പരീക്ഷ ഒക്ടോബർ 10 ലേയ്ക്കും, രണ്ടാം സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം – സപ്ലിമെന്ററി) (BBAD 205 - Business Laws) ഡിഗ്രി പരീക്ഷ ഒക്ടോബർ 12 ലേയ്ക്കും മാറ്റി വച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സീറ്റ് ഒഴിവ്

കാര്യവട്ടത്തുള്ള ബിരുദാനന്തര ബിരുദ പഠന വകുപ്പുകളിൽ എസ്.സി വിഭാഗത്തിലുള്ളവർക്ക് കെമിസ്ട്രി, കംപ്യൂട്ടർ സയൻസ്, കംപ്യുട്ടേഷണൽ ബയോളജി, ഹിസ്റ്ററി, ഇസ്ലാമിക് സ്റ്റഡീസ്, ഫിലോസഫി, സംസ്കൃതം, സൈക്കോളജി, തമിഴ്, മ്യൂസിക്, ഹിന്ദി, അറബിക്, ഡെമോഗ്രഫി, ആക്ചുറിയൽ സയൻസ്, ലിംഗ്വിസ്റ്റിക്സ്, എഡ്യൂക്കേഷൻ,

ജർമൻ, റഷ്യൻ കോഴ്സുകളിലേക്കും, എസ്.ടി വിഭാഗത്തിലുള്ളവർക്ക് കെമിസ്ട്രി, ലിംഗ്വിസ്റ്റിക്സ്, മാത്തമാറ്റിക്സ്, ഫിസിക്സ്, ഇംഗ്ലീഷ്, എം.സി.ജെ, ബയോകെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ സയൻസ്, ഫിലോസഫി, സംസ്കൃതം, സൈക്കോളജി, തമിഴ്, പൊളിറ്റിക്കൽ സയൻസ്, മലയാളം, ഹിന്ദി, അറബിക്, എഡ്യൂക്കേഷൻ, ജർമൻ, റഷ്യൻ കോഴ്സുകളിലേക്കും സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 10 ന് 11 മണിക്ക് അതത് പഠന വകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

## ടൈംടേബിൾ

സർവകലാശാലയിലെയും (സി.എസ്.എസ്) യൂണിവേഴ്സിറ്റി കോളേജിലെയും ഒന്നാം സെമസ്റ്റർ എം.ഫിൽ സപ്ലിമെന്ററി (2017 – 2018 ) പരീക്ഷ ഒക്ടോബർ 15 ന് ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2018 നവംബറിൽ നടക്കുന്ന ഒന്നാം സെമസ്റ്റർ എം.എഡ് (2018 സ്കീം – റഗുലർ 2015 സ്കീം സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ ഒക്ടോബർ 10 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

2018 ജനുവരിയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഒക്ടോബർ 5 മുതൽ 12 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റുമായി പുന:പരിശോധനാ വിഭാഗത്തിൽ (ഇ.ജെ I സെക്ഷൻ) ഹാജരാകേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പെഷ്യൽ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിന് 2018 – 19 ലേക്കുള്ള അഡ്മിഷന് വേണ്ടിയുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും ഒരു വിഷയത്തിൽ 55% മാർക്കിൽ കുറയാത്ത പി.ജി ഡിഗ്രി. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 31. ഫോൺ: 04712308214, വിശദവിവരങ്ങൾ www.cgist.ac.in എന്ന വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷാഫലം വെബ്സൈറ്റിൽ

## പി.ജി സ്പോർട്സ് ക്വാട്ട പ്രവേശനം 2018 – 19
## സ്പോട്ട് അലോട്ട്മെന്റ് 08.10.2018 ന് – സെനറ്റ് ഹാളിൽ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പി.ജി സ്പോർട്സ് ക്വാട്ട പ്രവേശനത്തിനുള്ള സ്പോട്ട് അലോട്ട്മെന്റ് ഒക്ടോബർ 8 ന് സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിൽ വച്ച് നടത്തുന്നു.

വിവിധ കോളേജുകളിൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന റാങ്ക് പട്ടിക പരിശോധിക്കണം

റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും ഒക്ടോബർ 8 ന് രാവിലെ 11 മണിക്ക് മുൻപ് സെനറ്റ് ഹാളിൽ എത്തിച്ചേരേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്നവർ അന്നേദിവസം തന്നെ യൂണിവേഴ്സിറ്റിയിൽ ഫീസ് ഒടുക്കേണ്ടതാണ്. ജനറൽ വിഭാഗത്തിൽപ്പെടവർക്ക് 900 രൂപയും, എസ്.സി/എസ്.ടി, ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടവർക്ക് 340 രൂപയുമാണ് ഫീസ്. നിശ്ചിത സമയത്തിനുശേഷം ഹാജരാകുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്

## പി.ജി. പ്രവേശനം, 2018 – 19: രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. സെപ്റ്റംബർ 05, 06 തീയതികളിൽ കോളേജ് പ്രവേശനം

2018–19 അദ്ധ്യയന വർഷത്തെ ബിരുദാനന്തരബിരുദ (പി.ജി.) പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പറും, പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് ഓൺലൈനായോ അല്ലെങ്കിൽ ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐ.യുടെ ഏതെങ്കിലും ശാഖയിലോ അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900/– രൂപയും എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗങ്ങൾക്ക് 340 രൂപയുമാണ്. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2018 ഒക്ടോബർ 05, 06 തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. നിലവിൽ കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും 2018 ഒക്ടോബർ 05, 06 തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)

## എം. ഫിൽ ഡിസർട്ടേഷൻ

സർവകലാശാലയിലേയും (സി. എസ്. എസ്) യൂണിവേഴ്സിറ്റി കോളേജിലേയും രണ്ടാം സെമസ്റ്റർ എം. ഫിൽ. (2017-18) ഡിസർട്ടേഷൻ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 26. പരീക്ഷക്ക് പിഴയില്ലാതെ ഒക്ടോബർ 10 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 15 വരെയും അപേക്ഷിക്കാം.

## എം.ടെക് സ്പോട്ട് അഡ്മിഷൻ

ഒപ്റ്റോ ഇലക്ട്രോണിക്സ് പഠന വകുപ്പിൽ നടത്തുന്ന AICTE അംഗീകാരമുള്ള എം.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് & ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) പ്രോഗ്രാമിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി ഒഴിവുള്ള മൂന്ന് സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 8 ന് രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള സർവകലാശാലയുടെ ഒപ്റ്റോഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2308167 എന്ന നമ്പറുമായി ബന്ധപ്പെടുക.

തിരുവനന്തപുരം.
04.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ